നം: CEE/2512/MDH/2011/TA III.

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ് സ് , ശാന്തി നഗർ, തിരുവനന്തപുരം**

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ: 2012 – '13

1. തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2012-'13 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**
   (i) അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.
   (ii) **വിദ്യാഭ്യാസ യോഗ്യതകൾ: ബി.എച്ച്.എം.എസ്** (ഡയറക്ട് / ഗ്രേഡഡ്) അഥവാ കേന്ദ്ര ഹോമിയോ കൗൺസിൽ തത്തുല്യമായി അംഗീകരിച്ച ബിരുദം. പ്രവേശനത്തിനുള്ള ഇന്റർവ്യൂ തീയതിയ്ക്കു മുൻപ് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവർ ഇന്റർവ്യൂ സമയത്ത് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. മൂന്നിൽ കൂടുതൽ തവണ എഴുതി അവസാന വർഷ പരീക്ഷ വിജയിച്ചവർക്ക് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
   (iii) **വയസ്സ്:** ജനറൽ വിഭാഗം അപേക്ഷകർക്ക് 01-01-2012 -ൽ 45 വയസ്സ് കവിയരുത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും കേന്ദ്ര ഹോമിയോപ്പതി റിസർച്ച് കൗൺസിലിലെ റിസർച്ച് ഓഫീസർമാർക്കും പരമാവധി 5 വർഷവും, റൂറൽ സർവ്വീസ് വിഭാഗക്കാർക്ക് പരമാവധി 3 വർഷവും വയസ്സിളവ് അനുവദിക്കുന്നതാണ്.
3. **തെരെഞ്ഞെടുപ്പും പ്രവേശന പരീക്ഷയും:** റൂറൽ സർവ്വീസ് ക്വാട്ട, കേരളത്തിലെ സർക്കാർ / സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കു വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ എന്നിവ ഒഴികെയുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം **25-03-2012 (ഞായറാഴ്ച) തിരുവനന്തപുരത്തു** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും. പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ വീതം ദൈർഘ്യമുള്ളതും 150 ചോദ്യങ്ങൾ വീതം ഉള്ളതുമായ രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.
4. **ഓൺലൈൻ അപേക്ഷാഫോറവും, അപേക്ഷാ ഫീസും:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 25-02-2012 മുതൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ജനറൽ വിഭാഗക്കാരും, സർവ്വീസ് വിഭാഗക്കാരും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസും പ്രസ്തുത വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫോറവും, പ്രോസ്പെക്ടസും കോളേജുകളിലോ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ലഭ്യമാകുന്നതല്ല. അപേക്ഷാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത ശേഷം നിർദ്ദിഷ്ട സ്ഥാനത്ത് ഫോട്ടോ പതിച്ച് ഒപ്പ് ഇടേണ്ടതാണ്. ജനറൽ വിഭാഗം അപേക്ഷാർത്ഥികൾ അപേക്ഷാ ഫീസായ 800/- രൂപ (പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 400/- രൂപ) അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഏതെങ്കിലും ശാഖയിൽ അടയ്ക്കേണ്ടതാണ്. കേരളത്തിന് പുറത്തുള്ള അപേക്ഷകർ നിർദ്ദിഷ്ട ഫീസ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ എടുത്തതും, തിരുവനന്തപുരത്തു മാറാവുന്നതുമായ ഡിമാന്റ് ഡ്രാഫ്റ്റായി അടയ്ക്കേണ്ടതാണ്.
   സർവ്വീസ് വിഭാഗം അപേക്ഷകർ അപേക്ഷാഫീസായ 800/- രൂപ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവണ്മെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്ന പേരിൽ എടുത്തതും, തിരുവനന്തപുരത്തു മാറാവുന്നതുമായ ഡിമാന്റ് ഡ്രാഫ്റ്റായി പണം അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

5. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** പ്രവേശന പരീക്ഷ എഴുതുന്ന അപേക്ഷാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും, ബാങ്ക് ചെലാൻ അഥവാ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നേരിട്ടോ, രജിസ്റ്റേർഡ് തപാൽ മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം –** 695001 എന്ന വിലാസത്തിൽ നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കത്തക്ക വിധത്തിൽ അയയ്ക്കേണ്ടതാണ്.

   സർവ്വീസിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത ശേഷം മേലധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. സർക്കാർ / സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നവർ അപേക്ഷയുടെ പ്രിന്റൗട്ട് അനുബന്ധ രേഖകളും ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവണ്മെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം-** 695009 എന്ന വിലാസത്തിലും, റൂറൽ സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ **ഡയറക്ടർ, ഹോമിയോപ്പതി, ഫോർട്ട്.പി.ഒ, തിരുവനന്തപുരം –** 695 023 എന്ന വിലാസത്തിലും അവരവരുടെ മേലധികാരികൾ മുഖേന നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതിയും സമയവും:** സർവ്വീസിലുള്ളവർ ഉൾപ്പടെയുള്ള എല്ലാ അപേക്ഷാർത്ഥികളും അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും മേൽപ്പറഞ്ഞ പ്രകാരം ബന്ധപ്പെട്ട അധികാരികൾക്ക് 09-03-2012 ന് വൈകുന്നേരം 5 **മണിയ്ക്ക്** മുൻപായി ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്നതുൾപ്പടെ വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

7. **അഡ്മിറ്റ് കാർഡ്:** അപേക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **20-03-2012** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല. അപേക്ഷാ ഫോമിൽ നൽകിയ മാതൃകയിൽ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ആ മാതൃകയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. അപൂർണ്ണമായതോ തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

9. പ്രവേശന പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ സെലക്ഷൻ കമ്മിറ്റി ചെയർമാന് അയച്ചുകൊടുക്കുന്നതാണ്. സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള സീറ്റ് അലോട്ട്മെന്റ്, അഡ്മിഷൻ എന്നിവ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി സെലക്ഷൻ കമ്മിറ്റി ചെയർമാൻ നടത്തുന്നതാണ്.

10. സർക്കാർ അംഗീകരിച്ചതും, പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവണ്മെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം പുറപ്പെടുവിച്ചതും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2012-'13 വർഷത്തെ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സിന്റെ പ്രോസ്പെക്ടസിലുള്ള വിശദാംശങ്ങൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
24/02/2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**